DESPATCHED 8/2/22.

30/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.2106(5)/18/SIC**
**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.9793/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി : 30.11.2021

ശ്രീ. പി.ആർ. സദേഷ് കുമാർ,
റോഡ് വ്യൂ,
പൂത്തൻ ബംഗ്ലാവ്,
നല്ലൂർവട്ടം, പ്ലാമുട്ടുക്കട പി.ഒ,
തിരുവനന്തപുരം – 695 122.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതുമരാമത്ത് വിഭാഗം,
വൈദ്യുതി വിഭാഗം,
തിരുവനന്തപുരം.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതുമരാമത്ത് വിഭാഗം,
ഭരണ വിഭാഗം,
തിരുവനന്തപുരം.
} എതിർകക്ഷികൾ

## ഉത്തരവ്

1. അപ്പീൽഹർജിക്കാരൻ 14.07.2018 ലെ വിവരാകവാശ അപേക്ഷയിലൂടെ എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, 11.06.2018 ൽ പി.ആർ. സദേഷ് കുമാർ, മെഡിക്കൽ കോളേജിൽ ഇലക്ട്രിക്കൽ വിംഗ് ലൈൻമാനായി ജോലി ചെയ്യുന്ന ശ്രീ. സുബു കുമാർ കക്കാവിള സി.എസ്.ഐ. സഭയുടെ ഭരണചുമതലയുള്ള ഭാരവാഹിയായി പ്രവർത്തിക്കുന്നു എന്ന പരാതി നൽകിയിട്ടുണ്ടോ, സർക്കാർ ജീവനക്കാർ മത സാമുദായിക സംഘടനകളിൽ ഭാരവാഹി ആകാൻ പാടില്ല എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് എന്നിങ്ങനെയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് എതിർകക്ഷിയുടെ പക്കൽ വിവരം ലഭ്യമല്ലാത്തതിനെ തുടർന്ന് ഭരണവിഭാഗം എസ്.പി.ഐ.ക്ക് അപേക്ഷ അയച്ചു നൽകുകയുണ്ടായി. തുടർന്ന് വിവരം ലഭ്യമാകാത്തതിനെ തുടർന്ന് വൈദ്യുത വിഭാഗം അപ്പീൽ അധികാരിയ്ക്ക് ഒന്നാം അപ്പീൽ നൽകി എങ്കിലും വിവരം ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടു കൊണ്ട് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും കേൾക്കാൻ നിശ്ചയിച്ചു കൊണ്ട് നോട്ടീസ് അയയ്ക്കുകയുണ്ടായി. പ്രസ്തുത നോട്ടീസ് അയച്ചു നൽകിയതിന് ശേഷം പരാതി നിലനിൽക്കുന്നില്ല എന്നും അപ്പീൽ നടപടി അവസാനിപ്പിക്കണം എന്നും അപ്പീൽ ഹർജിക്കാരൻ ടെലഫോൺ മുഖാന്തിരം അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത വിവരം ടിയാൻ രേഖാമൂലം എഴുതി നൽകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി അപേക്ഷയ്ക്ക് ലഭ്യമാക്കാവുന്ന വിവരം അപ്പീൽഹർജിക്കാരന് നേരിട്ട് അയച്ചു നൽകേണ്ടതാണെന്ന് രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 30–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി